# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 719

29.05.2019- ൽ മറുപടിയ്ക്ക്

### സർഫാസി ആക്ട് പ്രകാരം സഹകരണ ബാങ്കുകൾ നടത്തിയ ജപ്തി

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സഹകരണസംഘം രജിസ്ട്രാർ സർക്കുലർ നം 29/08/2003-ൽ 50/2003 പ്രകാരം സഹകരണ ബാങ്കുകൾക്ക് സർഫാസി ആക്ട് ബാധകമാക്കികൊണ്ട് നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എ) സഹകരണ സംഘം രജിസ്ട്രാറുടെ 29.08.2003 ലെ സർക്കുലർ നമ്പർ 50/2003 പ്രകാരം സഹകരണ ബാങ്കുകൾക്ക് സർഫാസി ആക്ട് ബാധകമാക്കികൊണ്ട് നിർദ്ദേശം നല്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത എത്രപേരുടെ സ്വത്തുവകകൾ സർഫാസി ആക്ട് പ്രകാരം ജപ്തി ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടുള്ള 651 പേരുടെ സ്വത്തുവകകൾ സർഫാസി ആക്ട് പ്രകാരം ബാങ്കുകൾ സ്വന്തം നിലയിൽ ജപ്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 119 |
| കൊല്ലം | 12 |
| പത്തനംതിട്ട | 57 |
| ആലപ്പുഴ | - |
| കോട്ടയം | 74 |
| ഇടുക്കി | 4 |
| എറണാകുളം | 60 |

| | |
|---|---|
| തൃശ്ശൂർ | 93 |
| പാലക്കാട് | 14 |
| മലപ്പുറം | 117 |
| കോഴിക്കോട് | 56 |
| വയനാട് | - |
| കണ്ണൂർ | 34 |
| കാസർഗോഡ് | 11 |
| ആകെ | 651 |

(സി) ഈ കാലയളവിൽ സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്ത എത്രപേരുടെ സ്വത്തുവകകൾ ജപ്തി ചെയ്യാൻ നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സഹകരണ ബാങ്കുകളിൽ നിന്നും ലോൺ എടുത്തിട്ടുള്ള 2961 പേരുടെ ജാമ്യ വസ്തുക്കളിൽ ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് അതാത് ബാങ്കുകൾ കൈക്കൊണ്ട നടപടികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 83 |
| കൊല്ലം | 867 |
| പത്തനംതിട്ട | 100 |
| ആലപ്പുഴ | 23 |
| കോട്ടയം | 19 |
| ഇടുക്കി | 25 |
| എറണാകുളം | 366 |
| തൃശ്ശൂർ | 255 |
| പാലക്കാട് | 56 |
| മലപ്പുറം | 506 |
| കോഴിക്കോട് | 241 |
| വയനാട് | 312 |
| കണ്ണൂർ | 66 |
| കാസർഗോഡ് | 42 |
| ആകെ | 2961 |

| | | |
|---|---|---|
| (ഡി) | സർഫാസി ആക്ട് പിൻവലിക്കണമെന്നാവശ്യപ്പെട്ട് സഹകരണ വകുപ്പ് കേന്ദ്രസർക്കാരിന് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ

നമ്പർ സി. ബി. (1) 13559/2003.

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 29-8-2003.

# സർക്കുലർ നമ്പർ 50/2003

വിഷയം:—സെക്യൂരിറ്റൈസേഷൻ ആക്ട് സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച

സൂചന:—22-4-2003-ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫ്രൻസ് യോഗ നടപടിക്രമം.

സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ എൻ. പി. എ. (നിഷ്ക്രിയ ആസ്തി) കുറയ്ക്കുന്ന ലക്ഷ്യമായി സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻററസ്റ്റ് ആക്ട് 2002 സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് 22-4-2003-ൽ കൂടിയ സെൻട്രൽ ബാങ്ക്സ് കോൺഫ്രൻസിൽ ചർച്ച ചെയ്യുകയും, കേന്ദ്ര ഗവൺമെന്റ് 28-1-2003-ലെ വിജ്ഞാപനപ്രകാരം സഹകരണ ബാങ്കുകളേയും ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളതിനാൽ ഈ നിയമം സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നടപ്പിലാക്കുന്നതിന് വിശദമാർഗ്ഗ നിർദ്ദേശങ്ങൾ സഹകരണ സംഘം രജിസ്ട്രാർ നൽകേണ്ടതാണെന്ന് സൂചനയിലെ യോഗ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ ബാങ്കുകൾ എന്നാൽ ബാങ്കിംഗ് റെഗുലേഷൻ ആക്ട് 1949 സെക്ഷൻ 5 (സിസി 1) പരിധിയിൽ വരുന്ന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രൈമറി സഹകരണ ബാങ്കുകൾ എന്നിവയാണ്. ഈ ആക്ടിന്റെ അദ്ധ്യായം III വിവക്ഷിക്കുന്നത് പണയാധാര വസ്തു പിടിച്ചെടുക്കലാണ്. അതായത് വായ്പകൾ, കിട്ടാക്കടങ്ങൾ ആയി മാറുമ്പോൾ അവയ്ക്ക് ഈടായി നൽകിയിട്ടുള്ള ജാമ്യവസ്തു കോടതിയിൽ വ്യവഹാരങ്ങൾക്ക് പോകാതെ ബാങ്കുകൾക്ക് നേരിട്ട് തന്നെ അവകാശം സ്ഥാപിച്ച് പിടിച്ചെടുക്കാം എന്നുള്ളതാണ് വ്യവസ്ഥ.

22-4-2003-ലെ സെൻട്രൽ ബാങ്ക്സ് കോൺഫ്രൻസിലെ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സെക്യൂരിറ്റൈസേഷൻ ആക്ടിലെ താഴെ പറയുന്ന വ്യവസ്ഥകളോടുകൂടി സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇൻററസ്റ്റ് ആക്ട് 2002 സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ പ്രൈമറി സഹകരണ ബാങ്കുകൾ [ബാങ്കിംഗ് റെഗുലേഷൻ ആക്ട് 1949 സെക്ഷൻ 5 (സിസി 1) പരിധിയിൽ വരുന്നവ] എന്നിവയിൽ നടപ്പിലാക്കുവാൻ വേണ്ട നിർദ്ദേശം താഴെ പറയുന്ന പ്രകാരം പുറപ്പെടുവിക്കുന്നു:

(1) ബാങ്ക് നൽകുന്ന വായ്പകൾക്ക് ഈടായി നൽകിയിട്ടുള്ള പണയാധാര വസ്തുവിലുള്ള ബാങ്കിന്റെ അവകാശം വായ്പകൾ തിരിച്ചടച്ചില്ലെങ്കിൽ കോടതിയുടേയോ, ട്രൈബ്യൂണലുകളുടേയോ ഇടപെടലുകൾ കൂടാതെതന്നെ സ്ഥാപിച്ചെടുക്കാവുന്നതാണ്.

(2) ഏതെങ്കിലും ലോൺ അക്കൗണ്ടുകൾ എൻ. പി. എ. ആയിട്ടുണ്ടെങ്കിൽ അങ്ങിനെയുള്ള വായ്പ കുടിശ്ശികക്കാർക്ക് നോട്ടീസ് തീയതി മുതൽ 60 ദിവസത്തിനകം കുടിശ്ശിക അടച്ചുതീർക്കണം എന്ന ബാങ്കുകൾ നോട്ടീസ് നൽകണം.

(3) കുടിശ്ശികക്കാർക്ക് നൽകുന്ന നോട്ടീസിൽ അവർ നൽകാനുള്ള തുകയുടെ വിവരങ്ങളും ബാങ്ക് കൈവശപ്പെടുത്താൻ ഉദ്ദേശിക്കുന്ന ജാമ്യവസ്തുവിന്റെ വിവരങ്ങളും കാണിച്ചിരിക്കണം.

(4) വായ്പ എടുത്തയാൾ അയാളുടെ കുടിശ്ശിക മേൽപ്പറഞ്ഞ 60 ദിവസത്തിനകം മുഴുവനായി അടച്ചുതീർത്തില്ലെങ്കിൽ ബാങ്കുകൾക്ക് താഴെപറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്:

(എ) പണയാധാര വസ്തു ബാങ്കിന് കൈവശപ്പെടുത്താം.

(ബി) പണയാധാരവസ്തുവിന്റെയോ, സ്ഥാപനത്തിന്റെയോ ചുമതല ബാങ്കുകൾക്ക് ഏറ്റെടുക്കാം.

ബാങ്കുകൾക്ക് [illegible]

(സി) ഇപ്രകാരം ഏറ്റെടുക്കുന്ന ഭരണ ചുമതല ബാങ്കുകൾക്ക് നിയോഗിക്കുന്ന ... അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുഖേനയോ നിർവ്വഹിക്കാവുന്നതാണ്.

(ഡി) വായ്പ എടുത്തയാൾക്ക് പുറമേ നിന്ന് ഏതെങ്കിലും ഇനത്തിൽ തുക ലഭിക്കാനുണ്ടെങ്കി ആയത് ബാങ്കിന് വാങ്ങാവുന്നതാണ്.

(5) പണയപ്പെടുത്തിയിരിക്കുന്ന വസ്തു/സ്ഥാപനം വിറ്റു കിട്ടുന്ന പണം കുടിശ്ശിക അട തീർക്കാൻ പര്യാപ്തമല്ലെങ്കിൽ ബാക്കി തുകയ്ക്ക് ഡെറ്റ് റിക്കവറി ട്രൈബ്യൂണൽ/കോടതി മുഖേ വസൂലാക്കാനുള്ള അധികാരം ബാങ്കിന് ഉണ്ടായിരിക്കുന്നതാണ്.

(6) മുകളിൽ (4) (എ ടു ഡി)-യിൽ പറഞ്ഞിരിക്കുന്ന രീതിയിൽ നടപടികൾ സ്വീകരിക്കാ ബാങ്കിന് ജാമ്യക്കാരെതിരായിട്ടോ, ജാമ്യവസ്തു/സ്ഥാപനം വിൽക്കുകയോ ചെയ്യാവുന്നതാണ്. തന്നെ ബാങ്ക് അധികാരപ്പെടുത്തുന്ന മറ്റോ; മന്നിലധികമോ ഉദ്യോഗസ്ഥൻമാ

(7) മേൽനടപടിക്രമങ്ങൾ ബാങ്ക് അധികാരപ്പെടുത്തുന്ന ... കുടിശ്ശികക്കാര മുഖേന സ്വീകരിക്കാവുന്നതാണ്.

(8) ബാങ്കിൽ നിന്നും നോട്ടീസ് കിട്ടിക്കഴിഞ്ഞ് ഒരു രേഖാമൂലമുള്ള ... ചെയ്യുവാൻ അധിക ബാങ്കിന്റെ സമ്മതമില്ലാതെ ജാമ്യവസ്തു വിൽക്കുകയോ, പണയപ്പെടുത്തുകയോ ചെയ്യുവാൻ മില്ലാത്തതാകുന്നു.

(9) ബാങ്ക് രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം ചീഫ് മെട്രോ-പൊളിറ്റൻ മജിസ്ട്രേ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് ഇവർക്ക് ജാമ്യവസ്തു കൈവശപ്പെടുത്താനും, കൈവശപ്പെടുത്തിയ വസ് സ്ഥാപനം ബാങ്കിന് കൈമാറാനും അധികാരം ഉണ്ടായിരിക്കും.

(10) മേൽപ്പറഞ്ഞ രീതിയിൽ അവർ കൃത്യനിർവ്വഹണം നടത്തുകയാണെങ്കിൽ അതിനെ ചോ ചെയ്യാൻ കോടതിക്കോ മറ്റേതെങ്കിലും അതോറിറ്റിക്കോ അധികാരം ഉണ്ടായിരിക്കുന്നതല്ല. അവരുടെ തീരുമാ അന്തിമമായിരിക്കും.

(11) മുകളിൽ (4) (എ ആൻഡ് ഡി)-യിൽ പറഞ്ഞപ്രകാരം പ്രവർത്തിക്കുമ്പോൾ ആർക്കെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അവർക്ക് ഡെറ്റ് റിക്കവറി ട്രൈബ്യൂണലിൽ 45 ദിവസത്തിനകം അപ്പീൽ ബോധിപ്പിക്കാവുന്നതാ ... നോട്ടീസിൽ പറഞ്ഞിരിക്കുന്ന ആ

(12) ഇപ്രകാരം ഡിആർടിയിൽ അപ്പീൽ കൊടുക്കണമെങ്കിൽ നോട്ടീസിൽ പറഞ്ഞിരിക്കുന്ന ആ കുടിശ്ശികയുടെ 75% ഡെപ്പോസിറ്റ് ചെയ്തിരിക്കണം, എങ്കിൽ മാത്രമേ ഡിആർടി ആഫീസ് പരിഗണിക്കുകയുള്ളൂ. ഈ ഡെപ്പോസിറ്റിൽ എന്തെങ്കിലും കുറവ് വരുത്തണമെങ്കിൽ ഡിആർടിയുടെ രേ മൂലമുള്ള സമ്മതം വേണം.

(13) ഡിആർടിയുടെ സെക്ഷൻ 17 അനുസരിച്ചുള്ള ഓർഡർ പ്രകാരം അതിൽ ഉൾപ്പെട്ടി കക്ഷികൾക്ക് എന്തെങ്കിലും ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ആയത് ഓർഡർ കിട്ടി 30 ദിവ ത്തിനകം അപ്പലറ്റ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(14) മുകളിൽ പറഞ്ഞ രീതിയിൽ കൈവശപ്പെടുത്തിയ ജാമ്യവസ്തുവിന്റെ വിവരങ്ങൾ ബ സെക്ഷൻ 21 പ്രകാരം നിയമിച്ചിട്ടുള്ള കേന്ദ്ര രജിസ്ട്രാറെ രേഖാമൂലം കൈവശപ്പെടുത്തിയ തീയ മുതൽ നിശ്ചയിച്ചിട്ടുള്ള ഫീസുൾപ്പെടെ 30 ദിവസത്തിനകം അറിയിക്കേണ്ടതാണ്. കേന്ദ്ര രജിസ്ട്ര ബാങ്ക് ആവശ്യപ്പെടുന്നപക്ഷം പ്രസ്തുത കാലാവധി 30 ദിവസം കൂടി അനുവദിച്ചുതരുന്നതാണ്. പ ഇതിനുവേണ്ടി കേന്ദ്ര രജിസ്ട്രാർ നിശ്ചയിച്ചിട്ടുള്ള രജിസ്ട്രേഷൻ ഫീസിന്റെ പരമാവധി 10 ഇരട്ടിവ ഫീസ് ഈടാക്കാവുന്നതാണ്.

(15) ജാമ്യവസ്തുവിലുള്ള അധികാരത്തിൽ എന്തെങ്കിലും വ്യതിയാനങ്ങൾ ഉണ്ടെങ്കിൽ അത് കേ രജിസ്ട്രാറെ അറിയിക്കണം.

(16) ജാമ്യവസ്തു/സ്ഥാപനം കുടിശ്ശിക മതിയായതാണെങ്കിൽ കേന്ദ്ര രജിസ്ട്രാറെ ആയത് ക 30 ദിവസത്തിനകം ബോധിച്ച് അറിയിക്കണം.

(17) സെക്ഷൻ 23 പ്രകാരമുള്ള വ്യവഹാരങ്ങൾ, സെക്ഷൻ 24 പ്രകാരമുള്ള തിരുത്തലുക സെക്ഷൻ 25 പ്രകാരമുള്ള അറിയിപ്പുകൾ യഥാകാലം കേന്ദ്ര രജിസ്ട്രാറെ അറിയിക്കാതിരുന്നാൽ അ കുറ്റകരവും ദിവസം പ്രതി 5,000 രൂപ വരെ പിഴയോടുകൂടിയ ശിക്ഷയും ലഭിക്കാവുന്നതുമാണ്.

(18) സെൻട്രൽ രജിസ്ട്രി ഓഫീസ് നിലവിൽ വന്നതിനുശേഷമേ സെക്ഷൻ 20(2), (3), (4 21, 22, 23, 24, 25, 26, 27 എന്നിവ പ്രാബല്യത്തിൽ വരികയുള്ളൂ.

(19) ഈ ആക്ട് പ്രകാരമുള്ള നിബന്ധനകൾ താഴെ പറയുന്നവയ്ക്ക് ബാധകമല്ല:

(എ) വസ്തുവിൽ മുൻ ബാദ്ധ്യത ഉണ്ടെങ്കിൽ ഇൻഡ്യൻ കോൺട്രാക്ട് ആക്ട് അനുസരിച്ചോ സെയിൽ ഓഫ് ഗുഡ്സ് ആക്ട് അനുസരിച്ചോ ക്രയവിക്രയം ചെയ്യുവാൻ ഉൾപ്പെടുത്തിയ വസ്തു/സാധ ങ്ങൾ മുതലായവ.

(ബി) പണയപ്പെടുത്തിയ ജംഗമവസ്തുക്കൾ

(സി) വിമാനം ജാമ്യവസ്തുവാണെങ്കിൽ.

(ഡി) കപ്പൽ ജാമ്യവസ്തുവാണെങ്കിൽ.

(ഇ) ലീസ് ഹയർപർച്ചേസ്, എന്തെങ്കിലും മറ്റ് നിബന്ധനകൾക്ക് വിധേയമായി ഇടപാട് നടത്തിയിട്ടുള്ള വസ്തുവകകൾ ഈടിൻമേലല്ലാത്ത കരാറുകൾ.

(എഫ്) കടം ആയി വാങ്ങി വച്ചിരിക്കുന്ന സാധനങ്ങളിൽ വിൽക്കുന്ന ആളിനുള്ള ഉടമസ്ഥാ കാശത്തിന്.

(ജി) സെക്ഷൻ 60(1) സിപിസി പ്രകാരം അറസ്റ്റ് ചെയ്യാൻ സാധിക്കാത്ത വസ്തുക്കൾ.

(എച്ച്) ഒരു ലക്ഷത്തിൽ കുറവായ വായ്പയ്ക്ക് ഈടായി നൽകിയിട്ടുള്ള വസ്തുവകകൾ.

(ഐ) ബാദ്ധ്യതയുള്ള കൃഷിസ്ഥലങ്ങൾ.

(ജെ) ബാങ്കിനു കിട്ടേണ്ട തുക മുതലും പലിശയുമുൾപ്പെടെ കിട്ടേണ്ട തുകയുടെ 20% താഴെയാ ണെങ്കിൽ.

(20) ഈ ആക്ടനുസരിച്ചുള്ള നടപടികൾ എടുക്കുന്നതിനെതിരെ കോടതികൾക്ക് കേസ്സെടുക്കു ന്നതിനോ മേൽനടപടികൾ കൈക്കൊള്ളുവാനോ സിവിൽ കോടതികൾക്ക് അധികാരമുണ്ടായിരിക്കുന്നതല്ല.

(21) ലിമിറ്റേഷൻ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഈ ആക്ട് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാൻ ബാങ്കുകൾക്ക് അധികാരമുണ്ടായിരിക്കയില്ല.

## സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ്—2002

ഇതിലെ പ്രധാന നിബന്ധനകൾ താഴെ പറയുന്നവയാണ്:

(1) ബാങ്കിന്റെ ബോർഡിന് ബാങ്കിലെ ഒന്നോ ഒന്നിലധികമോ ഓഫീസർമാരെ ഈ ആക്ടനുസരിച്ചുള്ള നടപടികൾ നടത്തിയെടുക്കുവാൻ അധികാരപ്പെടുത്താവുന്നതാണ്.

റൂൾ 2(എ) അനുസരിച്ച് അധികാരപ്പെടുത്തിയ ഓഫീസർ എന്നാൽ ദേശസാൽകൃത ബാങ്കുകളിൽ ചീഫ് മാനേജർ തസ്തികയിൽ കുറയാത്തതായിരിക്കണം അല്ലെങ്കിൽ അതേ റാങ്കിലുള്ള ബോർഡ് അംഗീകൃത ഓഫീസറായിരിക്കണം.

(2) ഡിമാൻഡ് നോട്ടീസ് കക്ഷികൾക്ക് അയയ്ക്കേണ്ടത് രജിസ്ട്രേഡ് പോസ്റ്റ്, സ്പീഡ് പോസ്റ്റ്, ഇ-മെയിൽ, ഫാക്സ് എന്നിവയിലൂടെ ആയിരിക്കണം.

(3) ജംഗമ വസ്തുക്കളുടെ വിൽപ്പന

ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക നിശ്ചിത സമയത്തിനുള്ളിൽ അടച്ചില്ലെങ്കിൽ ബാങ്കിന്റെ അംഗീകൃത ഓഫീസർക്ക് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്:

(എ) ജംഗമ വസ്തുക്കൾ പിടിച്ചെടുക്കുന്നത് രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിലും ആക്ട് അനുബന്ധം II-ൽ വിവരിച്ചിരിക്കുന്ന പഞ്ചനാമപ്രകാരം ഒപ്പിട്ടതിനുശേഷവുമായിരിക്കണം.

(ബി) ഇപ്രകാരം പിടിച്ചെടുക്കുന്ന ജംഗമവസ്തുക്കളുടെ പട്ടികവിവരം തയ്യാറാക്കുകയും അതിന്റെ ഒരു കോപ്പി കുടിശ്ശികക്കാരന് നൽകുകയും ചെയ്യണം.

പ്രസ്തുത ജപ്തി ചെയ്ത വസ്തുക്കൾ അധികാരപ്പെടുത്തിയ ഓഫീസറുടെ പക്കൽ സൂക്ഷിക്കുകയോ അദ്ദേഹം അംഗീകരിച്ച ആളെ സൂക്ഷിക്കേണ്ടതാണ്. ജപ്തി ചെയ്ത വസ്തുവകകൾ പെട്ടെന്ന് കേടാകുന്നതും സംരക്ഷണച്ചെലവ് മതിപ്പ് വിലയെക്കാൾ അധികരിക്കും എന്നു കാണുകയാണെങ്കിലും അത് ഉടൻതന്നെ വിൽപ്പന നടത്തേണ്ടതാണ്.

വസ്തുവകകൾ ജപ്തി ചെയ്തതിനുശേഷം ജപ്തി ചെയ്ത വസ്തുക്കളുടെ വില നിർണ്ണയം നടത്തുകയും ആവശ്യമാണെന്നു തോന്നുന്നപക്ഷം ബാങ്കുമായിട്ട് ആലോചിച്ച് ഇതിന് ഒരു കരുതൽ വില നിശ്ചയിക്കേണ്ടതാണ്. അധികാരപ്പെടുത്തിയ ഓഫീസർ ജപ്തി ചെയ്ത വസ്തുക്കൾ ക്വട്ടേഷൻ വിളിച്ചോ പൊതു ലേലം നടത്തിയോ, സ്വകാര്യ ഉടമ്പടി മുഖേനയോ വിൽപ്പന നടത്തേണ്ടതാണ്. ലേലം നടത്തുന്നതാണെങ്കിൽ പ്രസ്തുത വിഷയം ആ സ്ഥലത്തെ പ്രചാരമുള്ള രണ്ട് ദിനപത്രങ്ങളിൽ (ഒരെണ്ണം പ്രാദേശിക ഭാഷയിൽ ഉള്ളതായിരിക്കണം) പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അധികാരപ്പെടുത്തിയ ഓഫീസർ ജപ്തി ചെയ്ത ജംഗമവസ്തുക്കൾ വിൽക്കുന്ന കാര്യം, വിൽപ്പന തീയതിക്ക് 30 ദിവസം മുമ്പ് കുടിശ്ശികക്കാരനെ അറിയിക്കേണ്ടതാണ്.

## സ്ഥാവര വസ്തുക്കളുടെ വിൽപ്പന

അധികാരപ്പെടുത്തിയ ഓഫീസർ സ്ഥാവര വസ്തുക്കൾ കൈവശപ്പെടുത്തുമ്പോൾ അനുബന്ധം (4) സൂചിപ്പിച്ചിരിക്കുന്ന തരത്തിലുള്ള ഒരു നോട്ടീസ് കുടിശ്ശികക്കാരന് നൽകേണ്ടതാണ്. പ്രസ്തുത നോട്ടീസിന്റെ ഒരു പകർപ്പ് ആ സ്ഥലത്തെ പ്രചാരമുള്ള രണ്ടു ദിനപത്രങ്ങളിൽ (ഒരെണ്ണം പ്രാദേശിക ഭാഷയിലുള്ളതായിരിക്കണം) പ്രസിദ്ധപ്പെടുത്തിയിരിക്കണം. വിൽപ്പന നടത്തുന്നതിനു മുമ്പ് അധികാരപ്പെടുത്തിയ ഓഫീസർ ബാങ്ക് അംഗീകരിച്ച ഒരു വാല്യുവറിൽനിന്നും ഒരു വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. അതിനുശേഷം ബാങ്കുമായി ആലോചിച്ച് കൈവശപ്പെടുത്തിയ വസ്തുവിന് ഒരു കരുതൽ വില നിശ്ചയിക്കേണ്ടതാണ്. അധികാരപ്പെടുത്തിയ ഓഫീസർക്ക് കൈവശവസ്തു മുഴുവനായോ, ഭാഗികമായോ ക്വട്ടേഷൻ വിളിച്ചോ, പൊതുലേലം ചെയ്തോ സ്വകാര്യ ഉടമ്പടി മുഖേനയോ വിൽക്കാവുന്നതാണ്. സ്ഥാവര വസ്തുക്കൾ വിൽക്കുന്ന കാര്യം വിൽപ്പന തീയതിക്ക് 30 ദിവസം മുൻപ് കുടിശ്ശികക്കാരനെ അറിയിക്കേണ്ടതാണ്.

യാതൊരു കാരണവശാലും വിൽക്കുന്നതിനുള്ള പൊതുവിജ്ഞാപനം നടത്തി 30 ദിവസത്തിനുള്ളിൽ മേൽ പറഞ്ഞ വിൽപ്പന നടത്തരുത്.

കരുതൽ വിലയെക്കാളും കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തരുത്. ഏതെങ്കിലും കാരണവശാൽ കരുതൽ വിലയെക്കാളും കുറഞ്ഞ തുകയ്ക്ക് വിൽക്കേണ്ടി വരികയാണെങ്കിൽ അത് ബാങ്കിന്റെയും കുടിശ്ശികക്കാരന്റെയും മുൻകൂർ സമ്മതത്തോടെ ആയിരിക്കണം.

വിൽപ്പന നടത്തുമ്പോൾ വാങ്ങുന്ന ആൾ ലേലത്തുകയുടെ 25% ഉടനെ അടച്ചിരിക്കണം. അപ്രകാരം ചെയ്തില്ലെങ്കിൽ മേൽപ്പറഞ്ഞ വസ്തു വീണ്ടും ലേലത്തിൽ വച്ചു വിൽക്കേണ്ടതാണ്. ബാക്കി തുക വിൽപ്പന ഉറപ്പു വരുത്തി 15 ദിവസത്തിനകം അടയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം ബാങ്കിന്റെ രേഖാമൂലമുള്ള അനുവാദത്തോടെ കൂടി സമയപരിധി നീട്ടാവുന്നതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം അടച്ച തുക (25%) കണ്ടുകെട്ടാവുന്നതും വസ്തു പുനർ ലേലം ചെയ്യാവുന്നതുമാണ്.

ബാങ്കിനു കിട്ടാനുള്ള തുകയിൽനിന്നും കുറവാണ് ലേലത്തിൽ കിട്ടിയതെങ്കിൽ ബാക്കി തുകയ്ക്കു വേണ്ടി ഡെറ്റ് റിക്കവറി ട്രൈബ്യൂണലിന് മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കെ. കേശവൻ,

സഹകരണസംഘം രജിസ്ട്രാർ (ഇൻ-ചാർജ്).

സെക്ഷൻ ഓഫീസർ